## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.177

02-03-2020 - ൽ മറുപടിയ്ക്ക്

### നിലമ്പൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം

**ചോദ്യം**

**ശ്രീ. പി. വി. അൻവർ**

എ) നിലമ്പൂർ ഫയർ സ്റ്റേഷന് സ്വന്ത മായി കെട്ടിടം പണിയുന്നതിനായി പട്ടികജാതി വകുപ്പിന് കീഴിലുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

ബി) നിലമ്പൂർ ബ്ലോക്ക് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ഭൂമി വിട്ട് നൽകിയത് പോലെ പൊതു ആവശ്യമായ നിലമ്പൂർ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മി ക്കുന്നതിന് പട്ടികജാതി വകുപ്പിന് കീഴിലുള്ള ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദ മാക്കാമോ?

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

എ) & ബി) പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നിലമ്പൂർ ജവഹർ കോളനിയിൽ നിലമ്പൂർ വില്ലേജ് ബ്ലോക്ക് നം.90, റീസർവ്വേ നം.85/6-ൽ ഉൾപ്പെട്ടതു മായ 1.49 ഏക്കർ ഭൂമിയിൽ നിന്നും 5 സെന്റ് ഭൂമി വീതം പ്രളയ ദുരിതത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട 9 പട്ടികജാതി കുടുംബങ്ങൾക്ക് വിതരണം ചെയ്തതിനു ശേഷം അവശേഷിക്കുന്ന 92.49 സെന്റ് ഭൂമിയിൽ പട്ടികജാതി വികസന വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പണിയുന്നതിനു പദ്ധതിയുള്ളതിനാൽ രണ്ടു സേവന വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറ്റ നടപടിക്രമ പ്രകാരം നിലമ്പൂർ ഫയർസ്റ്റേഷൻ കെട്ടിടം പണിയുന്നതിന് 60 സെന്റ് വിട്ടുനൽകണമോ അതോ പട്ടികജാതി വികസന വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പണിയുന്നതിനു വേണ്ടി വകുപ്പിൽ തന്നെ നില നിർത്തണമോ എന്ന കാര്യം സർക്കാർ പരിശോധിച്ചു വരുകയാണ്.

സെക്ഷൻ ഓഫീസർ